**Desabhimani**
**16 July 2018**
**Thiruvananthapuram , Heavy rain , Two Death, Widespread Destruction**

# മഴ കനത്തു; 2 മരണം

**■ എറണാകുളം അടക്കം എട്ടു ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി**

**തിരുവനന്തപുരം**

തെക്ക് പടിഞ്ഞാറൻ കാലവർഷം കനത്തതിനെ തുടർന്ന് സംസ്ഥാനത്ത് പരക്കെ നാശം. മുന്നൂറിലധികം വീടുകൾ തകർന്നു. താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്കഭീഷണിയിൽ. ബുധനാഴ്ചവരെ ശക്തമായ മഴ തുടരുമെന്നതിനാൽ എല്ലാ ജില്ലകളിലും സർക്കാർ ജാഗ്രതാ നിർദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച കലക്ടർമാർ അവധി പ്രഖ്യാപിച്ചു. കേരള സർവകലാശാല തിങ്കളാഴ്ച നടത്താനിരുന്ന പരീക്ഷകൾ 21 ലേക്ക് മാറ്റി.

സംസ്ഥാനത്ത് 40 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 2300 പേരെ മാറ്റിപാർപ്പിച്ചു. ഇടുക്കി ഡാമിലെ ജലനിരപ്പ് 2365.6 അടിയായി. മുല്ലപ്പെരിയാറിൽ 125.4 അടിയും.

ഓടിക്കൊണ്ടിരുന്ന ഓട്ടോറിക്ഷയ്ക്കുമേൽ മരം വീണ് കണ്ണൂർ കോളയാട് ആര്യപറമ്പ് സ്വദേശിനി കാഞ്ഞിരക്കാട്ട് സിത്താര (20) മരിച്ചു. കൂടെയുണ്ടായിരുന്ന മാതാപിതാക്കൾക്കും സഹോദരിക്കും പരിക്കേറ്റു. ചേർത്തല തൈക്കാട്ടുശേരിയിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്ന് ഷോക്കേറ്റ് മത്സ്യവിൽപ്പനക്കാരിയായ മാക്കേകടവ് ഫിഷർമെൻ കോളനിയിലെ പുരഹരന്റെ ഭാര്യ സുഭദ്ര (62) മരിച്ചു.


സിത്താര

തൃശൂർ ജില്ലയുടെ തീരദേശ മേഖലയിൽ കടലാക്രമണത്തിലും ചുഴലിക്കാറ്റിലും അമ്പതിൽപ്പരം വീടുകൾ തകർന്നു. അഴീക്കോടുമുതൽ പടിഞ്ഞാറേ വെമ്പല്ലൂർവരെ അഞ്ചു കിലോമീറ്ററോളം വൻ തിരകൾ ആഞ്ഞടിച്ചു. കടൽക്ഷോഭം രൂക്ഷമായി. ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപ്പെടുത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. ബീച്ചുകളിൽ കടലിൽ ഇറങ്ങാതിരിക്കാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം.